**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൌസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം-695001**

**വിജ്ഞാപനം**

**എൽ.എൽ.എം കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2021-22**
**രണ്ടാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു**

കേരളത്തിലെ സർക്കാർ ലോ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2021-22 വർഷത്തെ എൽ .എൽ.എം കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ടുമെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

വെബ്സൈറ്റിലെ **LLM 2021-Candidate Portal** -ലൂടെ ആപ്ലിക്കേഷൻ നമ്പരും പാസ്സ് വേഡും കൃത്യമായി നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Allotment Result'** എന്ന മെനു ഐറ്റത്തിൽ ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ അലോട്ട്മെന്റ് കാണാവുന്നതാണ് . അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് **'Allotment memo'** എന്ന മെനു ക്ലിക്ക് ചെയ്ത് **Allotment memo print** എടുക്കാവുന്നതാണ്. മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റിന്റെ വിശംദാശങ്ങൾ, ട്യൂഷൻ ഫീസ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൌട്ട് എടുക്കേണ്ടതാണ്. കൂടാതെ ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ ഡാറ്റാ ഷീറ്റിന്റെ പ്രിന്റൌട്ട് എടുക്കാവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് മെമ്മോയും പ്രോസ്പെക്ടസ് ഖണ്ഡിക 20 ൽ പറയുന്ന അസ്സൽ രേഖകളും സഹിതം 22.01.2022 വൈകീട്ട് 4.00 മണിയ്ക്ക് മുന്പായി ബന്ധപ്പെട്ട കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മുഴുവൻ ഫീസും കോളേജിൽ ഒടുക്കേണ്ടതാണ് .

ആദ്യ ഘട്ട അലോട്ട്മെന്റിലൂടെ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് രണ്ടാം ഘട്ട അല്ലോട്മെന്റിലൂടെ അവരുടെ ഹയർ ഓപ്ഷൻ പ്രകാരമുള്ള മറ്റേതെങ്കിലും കോളേജിൽ പ്രവേശനം ലഭിച്ചാൽ അവർ മുൻ കോളേജിൽ നിന്നു ടിസി , അസ്സൽ രേഖകൾ ,ഫീസ് എന്നിവ തിരികെ വാങ്ങി പുതിയ കോളേജിൽ നിശ്ചിത സമയത്തിനകം പ്രവേശനം നേടേണ്ടതായാണ്,.അല്ലാത്ത പക്ഷം അവരുടെ നിലവിലെ അഡ്മിഷനും റദ്ദാകുന്നതാണ്.

കോളേജ് പ്രിൻസിപ്പൽമാർ 22.01.2022 വൈകീട്ട് 5. 00 മണിയ്ക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അംഗീകരിച്ചു പ്രവേശന പരീക്ഷ കമ്മീഷണർക്കു ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കണം.

സർക്കാർ/സ്വകാര്യ ലോ കോളേജുകളിൽ LLM കോഴ്സിന് 22.01.2022 ശേഷം നിലനിൽക്കുന്ന ഒഴിവുകകളിലേക്ക് (ഉണ്ടെങ്കിൽ) ബന്ധപ്പെട്ട കോളേജ് അധികൃതർക്കു പ്രോസ്പെക്ട്സ് വ്യവസ്ഥകൾ പ്രകാരം പ്രവേശനം അനുവദിക്കാവുന്നതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471 2525300

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.01.19 17:33:30 IST
Reason: Approved

തിരുവനന്തപുരം

**COMMISSIONER**